# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*229

12/02/2019- ൽ മറുപടിയ്ക്ക്

## സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പുരുഷൻ കടലുണ്ടി<br>പ്രൊഫ. കെ.യു. അരുണൻ<br>ശ്രീ. എം. മുകേഷ് : | **ശ്രീ.എ.കെ.ബാലൻ<br>പട്ടിക ജാതി പട്ടികവർഗ്ഗ<br>പിന്നോക്ക സമുദായ ക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും<br>വകുപ്പ് മന്ത്രി** |
| എ) കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) കേരളത്തിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി ഈ സർക്കാർ നിരവധി നടപടികൾ സ്വീകരിച്ചു വരുന്നു. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും "സാംസ്കാരിക സമുച്ചയങ്ങൾ' സ്ഥാപിക്കുന്ന പദ്ധതി, ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ്' എന്ന പദ്ധതി എന്നിവ ഇത്തരത്തിലുള്ളവയാണ്. കേരളത്തിന്റെ ക്ലാസിക്കൽ നാടോടി കലാരൂപങ്ങളെ പരിപോഷിപ്പിക്കുന്നതിനും ടി കലകളിൽ നിശ്ചിത യോഗ്യത നേടിയ യുവാക്കളെ പ്രോത്സാഹിപ്പിക്കുന്നതിനും യുവമനസുകളിൽ കലാഭിമുഖ്യം വളർത്തുക എന്ന ഉദ്ദേശ്യത്തോടെയും വജ്രജൂബിലി ഫെല്ലോഷിപ്പ് എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കലാകരകൗശല രംഗത്തുള്ള പരമ്പരാഗത കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ 'കലാകാരന്മാർക്കുള്ള ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രങ്ങൾ' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തെ പ്രചരിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സാംസ്കാരിക വിനിമയ പരിപാടികൾ സംഘടിപ്പിക്കുന്നതിനുപുറമെ പരമ്പരാഗത, വംശീയ ഭക്ഷണ രീതികൾ, കേരളത്തിന്റെ പൈതൃകഗ്രാമങ്ങൾ തുടങ്ങിയവ |

സംബന്ധിച്ച ഹ്രസ്വ വീഡിയോകൾ വകുപ്പിന്റെ വെബ്സൈറ്റ് വഴി ലഭ്യമാക്കിയിട്ടുണ്ട്.

പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് തൃപ്പൂണിത്തുറ ഹിൽപാലസിലെ പൈതൃകപഠനകേന്ദ്രം, മലയാള ഭാഷയേയും സംസ്കാരത്തേയും അഭിവൃദ്ധിപ്പെടുത്താനുദ്ദേശിച്ച് കൊണ്ട് സ്ഥാപിതമായ സംസ്കാരികകേന്ദ്രങ്ങൾ എന്നിവ പ്രവർത്തിക്കുന്നത്.

വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന വൈലോപ്പിള്ളി സംസ്കൃതി ഭവൻ "സംസ്കൃതി" എന്ന പേരിൽ പ്രതിമാസ സാംസ്കാരിക പരിപാടി നടത്തി വരുന്നു. പാരമ്പര്യ കലകളും കലാ സാംസ്കാരിക പരിപാടികളുമാണ് ഇതിൽ ഉൾപ്പെടുത്താറുള്ളത്. പ്രസ്തുത പരിപാടികളിൽ ആഗോളതലത്തിൽ പ്രശസ്തരായവരും ഉയർന്നു വരുന്ന കലാകാരന്മാരും കലാകാരികളുമടക്കം പങ്കെടുത്തിട്ടുണ്ട്.

കേരള ഫോക് ലോർ അക്കാദമി പൈതൃക കലകൾ സംരക്ഷിക്കുന്നതിന് പ്രതിവർഷം 100 മുതൽ 200 വരെ കലാസംഘങ്ങൾക്ക് അവരുടെ പരിപാടികൾ അവതരിപ്പിക്കാൻ നാടൻ ക്ലബ്ബുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ വഴി അവസരം നൽകുന്നുണ്ട്. പാരമ്പര്യകലാകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് നാടൻ കലാരംഗത്ത് മികവ് തെളിയിച്ച കലാകാരന്മാരെ അവാർഡ് നൽകി ആദരിക്കുന്നുണ്ട്. നാടൻകലാരംഗത്ത് പ്രവർത്തിക്കുന്ന അവശകലാകാരന്മാർക്ക് ചികിത്സാസഹായം നൽകി വരുന്നുണ്ട്. പാരമ്പര്യകലകൾ പരിശീലിക്കുന്ന കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി സ്കോളർഷിപ്പ് നൽകി വരുന്നുണ്ട്.

മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി സംഘടിപ്പിക്കുന്ന വിവിധ സെമിനാറുകൾ, കലാപരിപാടികൾ, വിവിധ ഗ്യാലറികൾ മ്യൂസിയം എന്നിവ വിശിഷ്യാ മലബാറിന്റെ തനതായ സാംസ്കാരിക പൈതൃകവും പാരമ്പര്യവും വിളിച്ചോതുന്നതും ഭാവി തലമുറയ്ക്ക് അറിവു പകരാൻ പര്യാപ്തവുമാകും.

വാസ്തുവിദ്യാഗുരുകുലം പാരമ്പര്യ വാസ്തുവിദ്യ, ചുമർ ചിത്രകല, തടിയിലും കല്ലിലുമുള്ള കൊത്തു പണികൾ എന്നിവ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി നിലകൊള്ളുന്നു.

പൈതൃക പഠനകേന്ദ്രത്തിന്റെ ചുമതലയിൽ

വ്യത്യസ്തങ്ങളായ പൈതൃകങ്ങളുമായും പൈതൃക പഠനവുമായും ബന്ധപ്പെട്ട പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നു. ഭാരതീയ ചികിത്സാപൈതൃകത്തിന്റെ ചരിത്രവും പാരമ്പര്യവും സംബന്ധിച്ച അറിവുകൾ പൊതുജനങ്ങളിലെത്തിക്കുന്നതിന്റെ ഭാഗമായി ചിത്രപ്രദർശനം നടത്തി വരുന്നു.

സാംസ്കാരിക പൈതൃകവും പാരമ്പര്യവും സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി കേരള സർക്കാരിന്റെ സാംസ്കാരിക വിനിമയ കേന്ദ്രമായ ഭാരത് ഭവന്റെ നേതൃത്വത്തിൽ കേരള – ഡൽഹി സാംസ്കാരിക പൈതൃകോത്സവം, തെലങ്കാന സാംസ്കാരിക പൈതൃകോത്സവം, മലബാർ സാംസ്കാരിക പൈതൃകോത്സവം എന്നിവ സംഘടിപ്പിച്ചു.

ബി) സംസ്ഥാനത്തിന്റെ അതുല്യമായ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രാമങ്ങളിലും ചെറുനഗരങ്ങളിലും സാംസ്കാരിക സമുച്ചയങ്ങളും ഗ്രാമീണ കലാകേന്ദ്രങ്ങളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ബി) എല്ലാ ജില്ലാ കേന്ദ്രങ്ങളിലും കേരള നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുക എന്ന ഒരു പദ്ധതി നടപ്പിലാക്കി വരുന്നു. നാടക ശാല, സിനിമ തീയറ്റർ, സംഗീത ശാല, പുസ്തകക്കടകൾ, സെമിനാർ ഹാളുകൾ, ശില്പികൾക്കും കരകൗശല വിദഗ്ധർക്കുള്ള പണിശാലകൾ, റിഹേഴ്സൽ സൗകര്യം, എഴുത്തുകാർക്കും കലാകാരന്മാർക്കുമുള്ള ഹ്രസ്വകാല താമസസൗകര്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് ഈ സമുച്ചയങ്ങൾ. ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേദി ഒരുക്കുക എന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ്' എന്ന ഒരു പദ്ധതിയും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കിവരുന്നു.

കലാകരകൗശല രംഗത്തുള്ള പരമ്പരാഗത കലാകാരന്മാരുടെ ജീവിത നിലവാരം ഉയർത്തുക, അവർക്ക് ഈടുറ്റ വിപണി ബന്ധങ്ങൾ സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സംസ്ഥാനത്തെ 20 ഓളം പൈതൃക കലാഗ്രാമങ്ങളെയും 10 കലാരൂപങ്ങളെയും സംരക്ഷിക്കുന്നതിന് കലാകാരന്മാർക്കുള്ള ഉപജീവനം അഥവാ ഗ്രാമീണ കലാകേന്ദ്രങ്ങൾ എന്ന പദ്ധതിയും വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

പാലക്കാട്-കൽപ്പാത്തി, കോട്ടയം വെള്ളാവൂർ, കണ്ണൂർ - കണ്ണപുരം എന്നീ പ്രദേശങ്ങളിൽ ഫോക്‌ലോർ അക്കാദമിയുടെ ഗ്രാമീണ കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കാനുള്ള പരിശ്രമങ്ങൾ പുരോഗമിച്ചു വരുന്നു.

വാസ്തുവിദ്യാഗുരുകുലത്തിന്റെ പ്രാദേശിക കേന്ദ്രങ്ങളും വർക് ഷോപ്പുകളും സ്റ്റാളുകളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു.

| | |
|---|---|
| സി) വിദ്യാർത്ഥികളുടെ കലാഭിരുചികൾ പ്രോത്സാഹിപ്പിക്കുന്നതിനായി രംഗമുദ്ര എന്ന പേരിൽ കുട്ടികളുടെ കലാസംഘം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) സാംസ്കാരികകാര്യ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് ജവഹർ ബാലഭവൻ കുട്ടികളിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനോടൊപ്പം നമ്മുടെ തനതു കലകളും സംസ്കാരവും കുട്ടികളിലൂടെ ജനഹൃദയങ്ങളിലേയ്ക്കെത്തിക്കുക എന്ന ദൗത്യം ഏറ്റെടുത്തുകൊണ്ട് 'രാഗമുദ്ര' എന്ന പേരിൽ ഒരു സംഗീതനൃത്തസംഘത്തിന് രൂപം കൊടുക്കുകയാണ്.<br>സാമൂഹ്യപുരോഗതിയും സാംസ്കാരിക അഭ്യുന്നതിയുമാണ് ഈ പരിപാടികൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത്. ഇതിന്റെ പ്രാഥമിക ഗുണഭോക്താക്കൾ കുട്ടികൾതന്നെയാണെങ്കിലും അതിന്റെ ഗുണപരമായ മേന്മകൾ സാമൂഹ്യ സാംസ്കാരിക മേഖലകളിൽ പ്രതിഫലിക്കും.<br>ബാലഭവൻ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾ, പൂർവ്വ വിദ്യാർത്ഥികൾ മറ്റു സ്കൂളുകളിൽ പഠിക്കുന്ന താല്പര്യമുള്ള വിദ്യാർത്ഥികൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് ബാലഭവനിലെ അദ്ധ്യാപകർ, പിരിഞ്ഞുപോയ അദ്ധ്യാപകർ, വിവിധ കലാസാംസ്കാരിക മേഖലകളിൽ മികവു തെളിയിച്ച പ്രതിഭാശാലികളായ മഹത് വ്യക്തികൾ എന്നിവർ അടങ്ങുന്ന ഒരു സംഘമായിരിക്കും പരിശീലനം നൽകുന്നത്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**